# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 993 — 11.07.2011 ൽ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻവഴിയുള്ള സഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കാർഷിക കടാശ്വാസ കമ്മീഷൻ വിധി (എ) പ്രസ്താവിച്ചിട്ടുള്ളതനുസരിച്ച് സംസ്ഥാ നത്തെ സഹകരണ സംഘങ്ങൾക്ക് സർക്കാർ എന്നുവരെയുള്ള ധന സഹായം നൽകിയിട്ടുണ്ട്;<br>(ബി) ഇനി എത്ര തുക ഇത്തരത്തിൽ സംഘങ്ങൾക്ക് അനുവദിക്കുവാനുണ്ട്; | & (ബി) കാർഷിക കടാശ്വാസ കമ്മീഷൻ കർഷകർക്ക്/സംഘങ്ങൾക്ക് നൽകിയ അവാർഡുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സഹകരണ വകുപ്പിന് 31.03.2011 വരെ കൈമാറിയിരുന്ന 48,06,88,505/- രൂപയിൽ സർക്കാർ നിർദ്ദേശത്തിന് അനുസൃതമായ വകുപ്പുതല പരിശോധനയിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 33,31,85,772/- രൂപ (29.06.2011 വരെ) സംഘങ്ങൾക്ക് /ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്. വിനിയോഗിക്കാൻ ബാക്കി നിൽക്കുന്ന 14,75,02,733/- രൂപ സംഘങ്ങളുടെ അർഹത ഉറപ്പ് വരുത്തുന്നതിനുള്ള വകുപ്പുതല പരിശോധന അടിയന്തിരമായി പൂർത്തിയാക്കി വിതരണം ചെയ്യുന്നതാണ്. |
| (സി) കാർഷിക കടാശ്വാസ കമ്മീഷൻ വിധി (സി) പ്രസ്താവിക്കുന്ന തീയതി മുതൽ പ്രസ്തുത ധനസഹായം സംഘങ്ങൾക്ക് ലഭ്യമാക്കുന്ന തീയതിവരെയുള്ള പലിശ സംഘങ്ങൾക്ക് നൽകുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ? | കാർഷിക കടാശ്വാസ കമ്മീഷൻ അവാർഡുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിക്കുന്ന ധനസഹായം കൃഷി വകുപ്പ് മുഖേനയാണ് അനുവദിക്കുന്നത്. വിധി പ്രസ്താവിക്കുന്ന തീയതി മുതൽ പ്രസ്തുത ധനസഹായം സംഘങ്ങൾക്ക് ലഭ്യമാകുന്ന തീയതിവരെയുള്ള പലിശ സംഘങ്ങൾക്ക് നൽകുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ